# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3156 — 11.12.14 ൽ - മറുപടിക്ക്

## കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര ഭക്ഷ്യസുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കാർഡുകളിൽ തരം തിരിവ് നടത്തുവാനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് ഇത് നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്നത്; | (എ) & (ബി) | ഉണ്ട്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ മുൻഗണനാ കാർഡുകൾ, പൊതുവിഭാഗം കാർഡുകൾ എന്നീ തരത്തിൽ കാർഡുകൾ ഉണ്ടാകും. നിലവിലുള്ള എ.എ.വൈ. കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടും. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി നിലവിലെ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 01.09.2015 മുതൽ പുതിയ കാർഡുകൾ നിലവിൽ വരുന്ന രീതിയിലാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്. |
| (സി) കേന്ദ്രസർക്കാർ ബാങ്കുകളിലൂടെ മാത്രമേ സബ്സിഡി നൽകൂ എന്നു വ്യക്തമാക്കിയ സ്ഥിതിക്ക് കേരളത്തിലും അതു നടപ്പിലാക്കുമോ;<br><br>(ഡി) ബാങ്കുവഴി സബ്സിഡി നടപ്പിലാക്കുമ്പോൾ പാവപ്പെട്ട കാർഡുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) & (ഡി) | ബാങ്ക് വഴി സബ്സിഡി നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ